

THURSDAY 20-10-2022 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA


**Chief Editor : Suraj S** **Editor : Dr Saritha Vijayan K**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-20/10/2022.

1. കാർഷികമേഖലയിൽ ചെലവു കുറഞ്ഞ രീതിയിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (SMAM). ഈ പദ്ധതിയിൻ കീഴിൽ കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും വിളവെടുപ്പാനന്തര, വിളസംസ്കരണ, മൂല്യവർദ്ധിത പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും യന്ത്രങ്ങളും സബ്സിഡിയോടെ നൽകി വരുന്നു. ഈ പദ്ധതിയിൽ അംഗമാകുന്നതിന് http://agrimachinery.nic.in/index എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്. 2022-2023 സാമ്പത്തിക വർഷത്തിലെ അപേക്ഷകൾ ഓൺലൈൻ ആയി ഈ പോർട്ടലിൽ **സെപ്റ്റംബർ 30** (30.09.2022) മുതൽ നൽകാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ജില്ലകളിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയവുമായോ, ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിലെ കൃഷി എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയവുമായോ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റിലെ **0471-2306748, 9497003097, 8943485023, 9895440373, 9567992358** എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

2. കേരള കാർഷിക സർവ്വകലാശാലയുടെ, മണ്ണുത്തിയിലെ കാർഷിക സാങ്കേതിക വിജ്ഞാന കേന്ദ്രത്തിൽ, അത്യൽപാദന ശേഷിയുള്ള സങ്കരയിനം തെങ്ങിൻ തൈ ആയ കേരശ്രീയുടെ വലിയ തൈകൾ (മൊത്തം 500 എണ്ണം) ലഭ്യമാണ്. വില 250/- രൂപ . ബുക്കിങ്ങ് ഉണ്ടായിരിക്കുന്നതല്ല.

3. കോട്ടയം ജില്ലയിലെ മാടപ്പള്ളി ബ്ലോക്കിൽ മാടപ്പള്ളി കൃഷിഭവന് കീഴിൽ പ്രവർത്തിക്കുന്ന അഗ്രോ സർവീസ് സെന്റർ, കർമസേന എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കർഷകർക്കാവശ്യമായ കാർഷിക സേവനങ്ങൾ കണ്ടെത്തി സർവീസ് സെന്റർ മുഖേന കർഷകർക്ക് ചെയ്തു നൽകുന്നതിനും അഗ്രോ സർവീസ് സെന്റർ ഫെസിലിറ്റേറ്റർ ആയി പ്രവർത്തിക്കുന്നതിനും താല്പര്യമുള്ള കോട്ടയം ജില്ലയിൽ സ്ഥിരതാമസക്കാരായ ആളുകളിൽനിന്ന് അപേക്ഷ ക്ഷണിക്കുന്നു. ബിഎസ്സി അഗ്രികൾച്ചർ അല്ലെങ്കിൽ അഗ്രികൾച്ചർ എൻജിനീയറിങ് അല്ലെങ്കിൽ വി എച്ച് എസ് സി

അഗ്രിയും അഞ്ചുവർഷത്തെ പ്രവർത്തനപരിചയം അല്ലെങ്കിൽ കൃഷി ഡിപ്ലോമയോ മെക്കാനിക്കൽ എൻജിനീയറിങ് ബിരുദവും മൂന്നു വർഷത്തെ പ്രവർത്തന പരിചയവും തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് എന്നിവ സഹിതം ഒക്ടോബർ 29 നകം കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്, നാലുകോടിയിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. കൃഷിവകുപ്പിയിൽ നിന്ന് റിട്ടയർ ചെയ്തവർക്ക് മുൻഗണന നൽകുന്നതാണ്. അപേക്ഷാ ഫോമിനും കൂടുതൽ വിവരങ്ങൾക്കും 9383470701/0481 – 2446133 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണെന്ന് മാടപ്പള്ളി കൃഷി അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.

4. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാനകേന്ദ്രത്തിൽ WCT ഇനത്തിൽപ്പെട്ട നാടൻ തെങ്ങിൻ തൈകൾ ഒന്നിന് 110 രൂപ നിരക്കിൽ വിൽപ്പനക്ക് തയ്യാറായിരിക്കുന്നു. താൽപ്പര്യമുള്ളവർ 6282937809, 0466 2912008, 0466 2212279 താഴെപറയുന്നഫോൺ നമ്പറിൽ ബന്ധപ്പെടുക

5. കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ ഒരു ദിവസം പ്രായമായ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട പൂവൻ കുഞ്ഞുങ്ങൾ കോഴിക്കുഞ്ഞ് ഒന്നിന് അഞ്ച് രൂപ നിരക്കിൽ ഈ മാസം 21-10-2022 , 25-10-2022, 28-10-2022 എന്നീ തീയതികളിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 04 മണിവരെ **0471 2730804** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

6. കേരള കാർഷിക സർവ്വകലാശാലയും ICAR-സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയും സംയുക്തമായി 2022 നവംബർ മാസത്തിൽ മീൻ വളർത്തൽ, മീൻ പിടുത്തത്തിലെ നൂതന സാങ്കേതിക വിദ്യകൾ, മീൻ അധിഷ്ഠിത മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ എന്നിവയിൽ കൃഷിവിജ്ഞാനകേന്ദ്രം പട്ടാമ്പിയിൽ വെച്ച് സൗജന്യമായി പരിശീലനം നൽകുന്നു. ജില്ലയിലെ പട്ടികജാതി – പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുമാത്രമാണ് സൗജന്യപരിശീലനം. പ്രായോഗിക പരിശീലനവും അനുബന്ധ ഫീൽഡ് സന്ദർശനവും ഈ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. താൽപ്പര്യമുള്ളവർ 6282937809, 0466 2912008, 0466 2212279 എന്നീ ഫോൺ നമ്പരുകളിൽബന്ധപ്പെടുക

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിൽ സ്യൂഡോമോണാസ് ഫ്ലൂറസെൻസ് (പൊടി, ലായനി), ട്രൈക്കോഡർമ, ബ്യൂവേറിയ, ലെക്കാനിസിലിയം, മെറ്റാറൈസിയം, പസിലോമൈസസ്, ബയോ കണ്ട്രോൾ കോമ്പി പാക്ക്- വാഴ, ബയോ കണ്ട്രോൾ കോമ്പി പാക്ക്- പച്ചക്കറി, മൈക്കോറൈസ, അസോസ്പൈറില്ലം, ഫോസ്ഫറസ് വളം, ബയോഫെർട്ടിലൈസർ കോമ്പി പാക്ക്, അസോള, വെർമി കമ്പോസ്റ്റ്, നീം സോപ്പ് എന്നീ ജൈവ കീടരോഗ നിയന്ത്രണ ഉപാധികൾ വില്പനക്ക് തയ്യാറാണ്. ആവശ്യമുള്ളവർ മുൻകൂട്ടി ബുക്ക് ചെയ്യുക. ബന്ധപ്പെടേണ്ട നമ്പർ :9747238532,04872699087

8. കേരള കാർഷിക സർവ്വകലാശാല കോഴിക്കോട് വേങ്ങേരി കാർഷിക വിജ്ഞാന വിപണന കേന്ദ്രത്തിൽ വച്ച് (തടമ്പാട്ട്താഴം )ശാസ്ത്രീയ കുറ്റികുരുമുളക് കൃഷി എന്ന വിഷയത്തിൽ നാളെ രാവിലെ 10. 30 മുതൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. കോഴിക്കോട് കൃഷി വിജ്ഞാന കേന്ദ്രം സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് ഡോക്ടർ പി എസ് മനോജ് ആണ് ക്ലാസ് നയിക്കുന്നത്. പരിശീലനത്തിൽ പങ്കെടുക്കുന്നതിനായി 0495 2935850, 9188223584 എന്നീ നമ്പറുകളിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യാവുന്നതാണ് . ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേർക്ക് അവസരം ഉണ്ടായിരിക്കുന്നതാണ്

9. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർനഴ്സറിപരിപാലനത്തിൽ പരിശീലനം നൽകുന്നു. മികച്ച നടീൽവസ്തുക്കളുടെ ഉത്പാദനത്തിനുള്ള വിവിധ പ്രജനനമാർഗങ്ങൾ, നഴ്സറിപരിപാലനം എന്നിവയിലുള്ള പരിശീലനം ഒക്ടോബർ 25, 26 തീയതികളിൽ കോട്ടയത്തുള്ള എൻ.ഐ.ആർ.റ്റി.-യിൽ വെച്ച് നടക്കും. കൂടുതൽ വിവരങ്ങൾക്ക് 04812353127 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന ഇ മെയിലിലോ ബന്ധപ്പെടാവുന്നതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

പയറിൽ ഇലപ്പേൻ, മുഞ്ഞ, വെള്ളീച്ച എന്നീ നീരൂറ്റി കുടിക്കുന്ന പ്രാണികളെ ഉപദ്രവം കൂടാൻ ഇടയുള്ളതിനാൽ 2 ശതമാനം വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി എമൽഷൻ ഇലയുടെ മുകളിലും

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

അടിയിലും വീഴ ത്തക്കവണ്ണം രണ്ടാഴ്ച ഇടവിട്ട് തളിച്ചു കൊടുക്കുക. ചീരയിൽ ഇലതീനി പുഴുക്കളെ നിയന്ത്രിക്കാൻ ഗോമൂത്രം കാന്താരി മിശ്രിതം തളിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം